## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1949 — 12.02.2013 ൽ മറുപടിയ്ക്ക്

### ഹരിതസ്പർശം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പാലോട് രവി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ' ഹരിതസ്പർശം പദ്ധതി ' യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കേരളം നേരിടുന്ന ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളിൽ വ്യവസ്ഥാപിതവും, ശാസ്ത്രീയവുമായ ഇടപെടലുകൾ നടത്തുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുവാൻ പര്യാപ്തമായ പരിശീലന പരിപാടികൾ, ഗവേഷണ പഠന പദ്ധതികൾ, അർത്ഥപൂർണ്ണമായ കർമ്മപദ്ധതികൾ, സമഗ്രമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ തുടങ്ങിയവ രൂപപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എത്തിക്കുവാനായി എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | പരിസ്ഥിതി സംരക്ഷണ ശിൽപ്പശാല, പരിസ്ഥിതി സംരക്ഷണ സന്ദേശ റാലി, പരിസ്ഥിതി സംരക്ഷണ ഫോട്ടോ/പുസ്തക പ്രദർശനം, പരിസര/വ്യക്തി ശുചിത്വം സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിയ്ക്കുവാനായി സംവാദങ്ങൾ, വിവിധ കലാപരിപാടികളിലൂടെ പരിസ്ഥിതി സംരക്ഷണ സന്ദേശം ജനങ്ങളിലെത്തിയ്ക്കുന്നത്, വിവിധ മത്സരങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഏതെല്ലാം ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) | പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ നേതൃത്വത്തിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ കീഴിലുള്ള നാഷണൽ സർവ്വീസ് സ്കീം മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഹയർ സെക്കന്ററിയിലെ 40,000 വോളണ്ടിയർമാർ 14 ജില്ലകളിലായി ഒരു ലക്ഷത്തി ഇരുപതിനായിരത്തോളം വീടുകൾ സന്ദർശിച്ച് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ